# മിഴി

***2024-25***

ഡിജിറ്റൽ മാഗസിൻ




ST.ANTONY'S HS,KANNOTH




# ചരിത്ര വഴികളിലൂടെ...

സഹ്യന്റെ മടിത്തട്ടിൽ ബ്രഹ്മഗിരിയുടെ താഴ്‌വാരത്തിൽ തുഷാരഗിരിയുടെ കുളിർക്കാറ്റേറ്റുകൊണ്ട് നിലകൊള്ളുന്ന കർഷക കുടിയേറ്റത്തിന്റെ വിജയഗാഥ പേറുന്ന ഹരിത ഭൂമിയാണ് കണ്ണോത്ത്. മലയോര മേഖലയിലെ നാനാജാതി മതസ്ഥരുടെ സ്വപ്നസാക്ഷാത്കാരമായ കണ്ണോത്ത് സെന്റ് ആന്റണീസ് ഹൈസ്കൂൾ ഈ നാടിന്റെ സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസപരവും കായികപരവുമായ പുരോഗതിയ്ക്ക് വെളിച്ചം നൽകിയ ഒരു പ്രകാശ ഗോപുരമായി ഉയർന്നു നിൽക്കുന്നു.
നാലര പതിറ്റാണ്ടു മുൻപ് ഇവിടെ ജീവിച്ചിരുന്ന ജനങ്ങളുടെ അടങ്ങാത്ത വിജ്ഞാന തൃഷ്ണയുടേയും അക്ഷീണമായ പരിശ്രമത്തിന്റെയും റവ.ഫാ. മാത്യു കൊട്ടുകാപ്പിള്ളിയുടെ ക്രാന്തദർശിത്വത്തിന്റെയും ഫലമായി 1976 ജൂൺ ഒന്നാം തിയതി സെന്റ് ആന്റണീസ് ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചു. കഴിഞ്ഞ 48 വർഷക്കാലം ഈ മഹത്തായ വിദ്യാലയം തെളിയിച്ച പ്രകാശവീചികളാണ് ഈ കൊച്ചു ഗ്രാമത്തെ വളർത്തിയതിന്റെയും ഉയർത്തിയതിന്റെയും ചാലകശക്തിയെന്ന് നിസ്സംശയം പറയാം. കണ്ണോത്തിന്റെ ചരിത്രത്തിൽ ചിരപ്രതിഷ്ഠ നേടിയ സെന്റ് ആന്റണീസ് ഹൈസ്കൂൾ ഇന്ന് 608 വിദ്യാർത്ഥികളോടും 28 അധ്യാപക അനധ്യാപകരോടും കൂടി താമരശ്ശേരി സബ്ജില്ലയിലെ മികച്ച വിദ്യാലയമായി മുന്നേറിക്കൊണ്ടിരിക്കുന്നു.

# ST.ANTONY'S HS KANNOTH

# SSLC BATCH 2023-24

100%




30
FULL A+

## Congratulations...

# ആശംസ



വിവരവിനിമയ സാങ്കേതികവിദ്യ അനുദിനം വികാസം പ്രാപിക്കുന്ന ഈ കാലഘട്ടത്തിൽ കണ്ണോത്ത് സെൻ്റ് ആൻ്റണീസ് ഹൈസ്കൂളിലെ വിദ്യാർത്ഥികളും ലിറ്റിൽ കൈറ്റിലൂടെ ഇൻഫർമേഷൻ ടെക്നോളജിയുടെ അനന്തവിഹായസിൽ ചിറകടിച്ചുയരുകയാണ്. സാങ്കേതികമായും വ്യക്തിപരമായും വളരുന്നതിനൊപ്പം തന്നെ സമൂഹനന്മക്ക് ഉതകുന്ന വിധത്തിൽ വ്യത്യസ്തമായ പ്രവർത്തിക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

കണ്ണോത്ത് സെൻ്റ് ആൻറണീസ് ഹൈസ്കൂൾ ലിറ്റിൽസ് യൂണിറ്റിൻ്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹാശംസകളോടെ,

റോഷിൻ മാത്യു
ഹെഡ്മാസ്റ്റർ
സെൻ്റ് ആൻ്റണീസ് ഹൈസ്കൂൾ,
കണ്ണോത്ത്

# മുഖമൊഴി

വിദ്യാർത്ഥികളുടെ പ്രതിഭയെ
തൊട്ടുണർത്തിക്കൊണ്ട്, അവരുടെ
ആശയങ്ങളെയും ഭാവനകളെയും പൊതു
സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കാനായി,
ലിറ്റിൽ കൈറ്റിൻ്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന
"മിഴി" എന്ന ഡിജിറ്റൽ മാഗസിനിലേക്ക്
ഏവരുടെയും ശ്രദ്ധ ക്ഷണിക്കുന്നു...
അച്ചടിച്ച പുസ്തകങ്ങൾ കാലക്രമേണ ചിതലരിച്ചും,
ഉപയോഗ കൂടുതലാൽ നാമാവശേഷമാകാനും
സാധ്യതയുള്ള ഈ ലോകത്ത് നാം തയ്യാറാക്കിയ
ഈ ഡിജിറ്റൽ മാഗസിൻ നശിച്ചുപോകില്ല
എന്നതിനപ്പുറം ഒരേ സമയം അനേകം
ആളുകൾക്ക് വായിക്കാനും, ആസ്വദിക്കാനും
സാധ്യമാണ്. സാങ്കേതിക വിദ്യയും
സർഗാത്മഗതയും സമ്മേളിക്കുന്ന ഈ ഡിജിറ്റൽ
പുസ്തകം പൊതുജന സമയം ഞങ്ങൾ
സമർപ്പിക്കുകയാണ്. വായനയിലൂടെ സാങ്കേതിക
വിദ്യയെ മനസിലാക്കി വിവര വിനിമയ
സാങ്കേതിക വിദ്യയുടെ വിശാല ലോകത്ത്
വിഹരിക്കുവാൻ ഏവർക്കും പ്രചോദനമേകുവാൻ
ഈ സംരംഭത്തിന് കഴിയുമെന്ന്
പ്രത്യാശിക്കുന്നു..
ഞങ്ങളുടെ ഈ ഉദ്യമത്തിന് ഏവരുടെയും
നിസീമമായ സഹകരണം എപ്പോഴും
ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.."മിഴി" എന്ന
ഡിജിറ്റൽ മാഗസിൽ നിങ്ങൾക്കായി
സമർപ്പിക്കുന്നു...

# EDITORIAL BOARD

ROSHIN MATHEW(HEAD MASTER)

DEEPA ANTONY (STAFF EDITOR)

SR.ANNAMMA THOMAS

AJESH JOSE

EMMANUAL ABHILASH (STUDENT EDITOR)

GOSHEL K BINOY

HELNA ROBIN

EVELIN MARIA JAYESH

FEBINA JESIN

FATHIMATHUL HUSNA

# താളുകളിലൂടെ...


സ്കൂൾ പ്രവർത്തന റിപ്പോർട്ട്.................................................. 8
മറക്കില്ലൊരിക്കലും.................................................. 14
പ്രകൃതിയും വികസനവും.................................................. 15
പുഴ.................................................................16
വെയിലിനു പിന്നിലെ ജാലകം.................................................. 17
നീയാം മിന്നാമിനുങ്ങ്.................................................. 18
കണ്ണില്ലാത്തപ്പോഴേ കണ്ണിന്റെ വിലയറിയൂ................................ 19
ജനൽപ്പാളി.................................................. 22
മൊബൈൽ ഫോൺ നേട്ടവും കോട്ടവും..................................23
നിഴൽ.................................................. 24
ജീവിതവിജയം ..................................................25
രാഷ്ട്രീയം.................................................. 26
ലിറ്റിൽ കൈറ്റ് പ്രവർത്തനങ്ങൾ.................................................. 27
ലഹരിയിൽ നിന്ന് ഉയർത്തെഴുന്നേറ്റവൻ................................29
ലഹരിക്കിടയിലെ ജീവിതം.................................................. 30
A Little Time of Regret.................................................. 31
സെക്യുലർ സ്റ്റേറ്റ്.................................................. 33
ലഹരി ആപത്ത്.................................................. 34
കാണാതെ പോയ രാജകുമാരൻ.................................................. 35
വാർഷികാഘോഷങ്ങൾ.................................................. 36



# സെന്റ് ആന്റണീസ് ഹൈസ്കൂൾ 2024–25

താമരശേരി കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂൾ രക്ഷാധികാരിയായ അഭിവന്ദ്യ റെമിജിയൂസ് ഇഞ്ചനാനിയിൽ പിതാവിന്റെയും കോർപ്പറേറ്റ് മാനേജർ റവ.ഫാദർ.ജോസഫ് വർഗീസ് പാലക്കാട്ടിന്റെയും സ്കൂൾ മാനേജരായ ഫാ. അഗസ്റ്റിൻ ആലുങ്കലിന്റെയും നിയന്ത്രണങ്ങൾക്കും ഉപദേശങ്ങൾക്കുമൊപ്പം ഹെഡ്മാസ്റ്റർ ശ്രീ. റോഷിൻ മാത്യുവിന്റെ മികവുറ്റ നേതൃത്വത്തിൽ, അധ്യാപക അനധ്യാപകരുടേയും PTA യുടേയും മികവുറ്റ കൂട്ടായ്മയിൽ, മികച്ച നേട്ടങ്ങളാണ് ഈ അധ്യയന വർഷം കൊയ്തത്. കൊഴിഞ്ഞടർന്നു മാഞ്ഞു പോയ 2024 എന്ന വർഷം കണ്ണോത്ത് ഹൈസ്കൂളിന്റെ അത്ഭുതകരമായ പരിവർത്തന കാലമാണ്. ഇത് സ്കൂളിന്റെ ചരിത്രത്താളുകളിൽ സുവർണ ലിപികളിൽ രേഖപ്പെടുത്തിക്കഴിഞ്ഞു. വിദ്യാലയത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം ഇത്രയേറെ ഉണ്ടായത് കടന്നുപോയ ഈ അധ്യയന വർഷത്തിലാണ്. അതിമനോഹരവും മികച്ച നിലവാരം പുലർത്തുന്നതുമായ ഒരു പ്രവേശന കവാടം നമ്മുടെ വിദ്യാലയത്തെ പുറം ലോകത്തിന് എളുപ്പത്തിൽ പരിചയപ്പെടുത്തുന്ന തരത്തിൽ തലയുയർത്തി നിൽക്കുന്നു. മികവുറ്റ പ്രവേശന കവാടവും അനുബന്ധമായ ടാർ റോഡും നമ്മുടെ വിദ്യാലയത്തിന്റെ മേന്മ വിളിച്ചോതുന്നു പാരമ്പര്യത്തിന്റെ പകിട്ട് ഏറെ അവകാശപ്പെടാനുള്ള നമ്മുടെ വിദ്യാലയത്തിന് ഇത് അണിയിച്ചൊരുക്കപ്പെടലിന്റെ വർഷമായിരുന്നു. ഈ വിദ്യാലയത്തിൽ നിന്നും അറിവു നേടി മികവു തെളിയിച്ച ആയിരങ്ങളുടെ ഈ അക്ഷരാലയത്തെക്കുറിച്ചുള്ള ഗൃഹാതുരത്വമുണർത്തുന്ന ഓർമകളെ താലോലിച്ചു കൊണ്ടാണ് പഴമയെ നിലനിർത്തി കേരളീയ

ശൈലിയിൽ തന്നെ നമ്മുടെ പഴയ സ്കൂൾ കെട്ടിടം നവീകരിച്ചത്. July 5 ന് അഭിവന്ദ്യ റെമിജിയൂസ് ഇഞ്ചനാനിയിൽ പിതാവ് വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ച നവീകരിച്ച മന്ദിരത്തിന്റെ നിർമാണം യാഥാർത്ഥ്യമാക്കിയ കോർപ്പറേറ്റ് മാനേജ് മെന്റിനും സ്കൂൾ മാനേജ്മെന്റിനും സുമനസുകൾക്കും നന്ദി. വിദ്യാലയത്തെക്കുറിച്ചുള്ള സ്മരണകളിൽ ഈ ദൃശ്യം മായാതെ മിഴിവോടെ നിൽക്കുമെന്നുറപ്പാണ്






കാലികമായ അടിസ്ഥാന സൗകര്യ നവീകരണം ഏതൊരു സ്ഥാപനത്തിന്റെയും മികച്ച പ്രവർത്തനത്തിന് അത്യാവശ്യമാണ്. കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ വികസനഫണ്ടിൽ ഉൾപ്പെടുത്തി നമ്മുടെ സ്കൂളിന് ടോയ്ലറ്റ് കോംപ്ലക്സ് നിർമിക്കാൻ 13 ലക്ഷം രൂപ നൽകിയ കോടഞ്ചേരി ഗ്രാമപഞ്ചായത്തിനും വളരെ പ്രത്യേകമായി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ അലക്സ് തോമസിനും ഹൃദയത്തിന്റെ ഭാഷയിൽ നന്ദിയർപ്പിക്കുന്നു





തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റ് മലയാളക്കരയെ മഴയുടെ നേർത്ത മൂടുപടത്തിലൊളിപ്പിക്കുന്ന ജൂൺ മാസം... 2024 ജൂൺ 3 ന് പ്രവേശനോത്സവത്തോടെ ഈ അധ്യയന വർഷം ആരംഭിച്ചു . കുട്ടികളുടെ സർവ്വതോന്മുഖമായ വികസനത്തിനും വ്യത്യസ്തങ്ങളായ കഴിവുകൾ വളർത്തുന്നതിനും ഉതകുന്ന തരത്തിലായിരുന്നു ഈ വർഷത്തെവിവിധ ദിനാചരണങ്ങളും മറ്റ് പ്രവർത്തനങ്ങളും.





## പത്താം ക്ലാസ്സുകൾക്കുള്ള പ്രത്യേക പ്രവർത്തനങ്ങൾ

ഈ അധ്യയന വർഷം എസ്എസ്എൽസി പരീക്ഷയ്ക്കായി തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾ മികച്ച വിജയം കരസ്ഥമാക്കണമെന്ന് ലക്ഷ്യത്തോടെപത്താം ക്ലാസുകാർക്കായി പ്രത്യേക ക്ലാസുകൾ ജൂണിൽ തന്നെ ആരംഭിച്ചു. ജനുവരി മാസം മുതൽ നൈറ്റ് ക്ലാസുകളും നടക്കുന്നുണ്ട് . ഓരോ മാസവും പ്രത്യേകം പരീക്ഷകൾ നടത്തുകയും ക്ലാസ് PTA ചേർന്ന്







പഠന പുരോഗതി വിലയിരുത്തുകയും ചെയ്യുന്നു .
സീരീസ് ടെസ്റ്റുകളും വിവിധ മോട്ടിവേഷൻ
ക്ലാസുകളും സംഘടിപ്പിച്ചു. പത്താം ക്ലാസ്
വിദ്യാർത്ഥികളുടെ പഠന നിലവാരം
മെച്ചപ്പെടുത്താനായി മെന്റർ സിസ്റ്റം നടപ്പിലാക്കി



## ഈ വർഷത്തെ നേട്ടങ്ങൾ

ചരിത്ര വിജയവുമായി 2023-24 എസ്എസ്എൽസി ബാച്ച് 100 മേനി വിജയം ആവർത്തിച്ച് ശ്രദ്ധേയമായി . ഏതൊരു സ്കൂളിന്റെയും പ്രവർത്തന വിജയത്തിന്റെ നെടുംതൂണായി നിൽക്കുന്നത് എസ്എസ്എൽസി വിജയശതമാനമാണ് . 30 ഫുൾ എ പ്ലസ് കരസ്ഥമാക്കി കുട്ടികൾ മികവ് തെളിയിച്ചു





നൂതനവും വ്യാപന ശേഷിയുള്ളതുമായ അക്കാദമിക പ്രവർത്തനങ്ങൾ കാഴ്ചവെച്ച മികച്ച സെക്കൻഡറി സ്കൂളിനുള്ള സമഗ്ര ശിക്ഷ കേരളം ഇന്നവേറ്റീവ് സ്കൂൾ പുരസ്കാരം കൊടുവള്ളി ബ്ലോക്ക് തലത്തിലും കോഴിക്കോട് ജില്ലാതലത്തിലും നേടി വിജയകിരീടം ചൂടി സെന്റ് ആന്റണീസ് എച്ച്.എസ്



താമരശ്ശേരി കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള 74 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച പ്രഥമ ടാലൻഷ്യ മെഗാ ക്വിസ് മത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ ബെറിൽ സജി, ഫഹിമ റിയ എന്നിവരടങ്ങിയ അന്റോണിയൻ ടീം ജേതാക്കളായി








വരയും വർണ്ണവും രാഗവും താളവും ചുവടും ചടുതലതയും അഭിനയവുമെല്ലാം ഒത്തുചേർന്ന കൗമാര മാമാങ്കം ആർട്ടോളം 2K24 കൈ-നപുണി വികസനം ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തി പരിചയ മേള, ശാസ്ത്രാഭിരുചി വളർത്തുന്ന ശാസ്ത്രമേള എന്നിവ സ്കൂൾതലത്തിൽ മികച്ച രീതിയിൽ നടത്താൻ നമുക്ക് കഴിഞ്ഞു. ചിട്ടയായ ആ പരിശീലനത്തിന്റെ ഫലപ്രാപ്തിയിൽ എത്തിയതിന്റെ പ്രതിഫലനമാണ് താമരശ്ശേരി സബ്ജില്ലാ ശാസ്ത്രോത്സവം , കലാമേള എന്നിവയിലെ നമ്മുടെ ചരിത്ര വിജയം

ഹൈസ്കൂൾ വിഭാഗം ശാസ്ത്രമേള സാമൂഹ്യശാസ്ത്രമേള എന്നിവയിൽ ഓവറോൾഷിപ്പ് ചാമ്പ്യൻഷിപ്പ്, ഹൈസ്കൂൾ വിഭാഗം ഗണിതശാസ്ത്രമേള ഓവറോൾ രണ്ടാം സ്ഥാനം, ഹൈസ്കൂൾ വിഭാഗം പ്രവർത്തി പരിചയമേളയിൽ മികച്ച വിജയം, ഹൈസ്കൂൾ വിഭാഗം ഐടി മേള മികച്ച പ്രകടനം, സബ്ജില്ല കലാമേള, കായിക മേള എന്നിവയിൽ മിന്നുന്ന വിജയം.... ഇതിനു തുടർച്ചയായി ജില്ലാതല മേളകളിലും അന്റോണിയൻ ടീം മികച്ച പ്രകടനമാണ് പുറത്തെടുത്തത്

## അന്റോണിയൻ പാദമുദ്രകൾ

### ROBOTICS - AI

നിർമ്മിത ബുദ്ധി ഈ നൂറ്റാണ്ടിലെ അതിസങ്കീർണമായ ഒരു ചുവടുവെപ്പാണ്. ഇന്നത്തെ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് അതിനൊപ്പം സഞ്ചരിക്കാൻ സാങ്കേതികവിദ്യയുടെ വിപ്ലവത്തിൽ നമ്മുടെ വിദ്യാർഥികൾക്കും പ്രയോജനം ലഭിക്കണമെന്ന് ചിന്തയിൽ നിന്ന് ഉരുത്തിരിഞ്ഞ ആശയമായ റോബോട്ടിക് സ് , AI ക്ലാസുകൾ നാം പ്രാവർത്തികമാക്കിയിരിക്കുന്നു



### SOCIAL WORK

വിദ്യാലയങ്ങൾ കേവലം പാഠപുസ്തകശാലകൾ മാത്രമല്ല എന്നു തിരച്ചറിഞ്ഞ്അതിനപ്പുറത്തേക്ക് ഹൃദയ വിശാലതയുടെയും യുക്തിചിന്തയുടെയും സാമൂഹ്യ കാഴ്ചപ്പാടുകളിലേക്ക് ജാലകം തുറന്ന് പഠനപ്രക്രിയയ്ക്ക് വേറിട്ട അനുഭവങ്ങൾ പകർന്നുകൊണ്ട് സെന്റ് ആന്റണീസ് ലിറ്റിൽ കൈറ്റ് അംഗങ്ങൾ കണ്ണോത്ത് പബ്ലിക് ലൈബ്രറിയിലെ 5000 ൽ അധികം പുസ്തകങ്ങളുടെ അടിസ്ഥാന വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്തു. സെന്റ് ആന്റണീസ് ലിറ്റിൽ കൈറ്റ് യൂണിറ്റിലെ വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ



### CLUB ACTIVITIES

അന്റൊണിയൻ സ്കിൽ ഡെവലപ്മെന്റ് സെന്റർ, ഫിലിം ക്ലബ്ബ്, ടീൻസ് ക്ലബ്ബ് ,സ്കൂൾ ടിവി ,റേഡിയോ എന്നിവയും മൂല്യബോധമുള്ള ഉത്തമ പൗരന്മാരെ വാർത്തെടുക്കുന്നതിനായി അശ്രാന്തം പരിശ്രമിക്കുന്ന ഭാരത് സ്കൗട്ട്



ആൻഡ് ഗൈഡ്സ്,സമൂഹത്തിൽ കഷ്ടത അനുഭവിക്കുന്നവരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ജെ ആർ സി ഐ ടി മേഖലയിൽ വിദ്യാർത്ഥികളുടെ താൽപര്യവും വൈദഗ്ദ്ധ്യവും വർദ്ധിപ്പിക്കുന്നതിന് സ്ഥാപിതമായ ലിറ്റിൽ കൈററ് ക്ലബ് ഇവ നമ്മുടെ വിദ്യാലയത്തിൽ പ്രവർത്തിച്ചുവരുന്നു

## ROBOTIC FEST



വിദ്യാർത്ഥികളുടെ സാങ്കേതികവൈദഗ്ദ്യംതെളിയിക്കുന്ന "റോബോട്ടിക് ഫെസ്റ്റ്-25" നടന്നു. വിദ്യാർത്ഥികൾ 12 ഓളം റോബോട്ടിക് പ്രോജക്ട്കൾ സ്വയം നിർമ്മിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്തു. സ്മാർട്ട് ഡസ്റ്റ് ബിൻ, റോബോട്ട്,സ്മാർട്ടഗ്ലാസ്സ് ഫോർ ബ്ലയ്ൻഡ്, ഡിസ്റ്റൻസ് സെൻസിങ് ക്യാമറ തുടങ്ങി എല്ലാ പ്രോജക്ട്കളും അധ്യാപകരിലും വിദ്യാർത്ഥികളിലും കൗതുകം ഉണർത്തുന്നവയായിരു സ്കൂളിലെ ലിറ്റിൽ കൈറ്റ്സ്, റോബോട്ടിക് ക്ലബ്ബുകളുടെ നേതൃത്വത്തിലാണ് റോബോട്ടിക് ഫെസ്റ്റ് നടന്നത്

## LANGUAGE GARDEN




കുട്ടികളിൽ ഭാഷാ ശേഷി, കമ്മ്യൂണിക്കേഷൻ സ്കിൽ, സർഗാത്മകത, പ്രസംഗ പാടവം തുടങ്ങിയവ വളർത്തുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച ലാംഗ്വേജ് ഗാർഡൻ അന്റോണിയൻ ടീമിന്റെ വേറിട്ട പ്രവർത്തനമാണ് മാതൃഭാഷയോടൊപ്പം ഹിന്ദി, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകൾ

സ്വായത്തമാക്കാൻ ഉതകുന്ന വിധത്തിൽ പ്രത്യേകം മൊഡ്യൂളുകൾ തയ്യാറാക്കിയിരിക്കുന്നു

## MEET THE SCIENTIST



അന്താരാഷ്ട്ര ബഹിരാകാശ വാരാചരണത്തോടനുബന്ധിച്ച് ISRO യുടെ നേതൃത്വത്തിൽ വിക്രം സാരാഭായി സ്പേസ് സെന്ററിലെ സയൻറിസ്റ്റ് മിസ് അസിയ നിസിൻ കുട്ടികളുമായി സംവദിച്ചു. വിസ്മയങ്ങളുടെ ലോകമായ ബഹിരാകാശത്തെക്കുറിച്ച് അടുത്തറിയാൻ

ഈ പരിപാടി സഹായിച്ചു

കോഴിക്കോട് മേഖലാ ശാസ്ത്ര കേന്ദ്രം & പ്ലാനറ്റോറിയത്തിന്റെ സഹകരണത്തോടെ മൊബൈൽ ശാസ്ത്ര പ്രദർശനം സംഘടിപ്പിച്ചു. ഗ്രാമാന്തരങ്ങളിലെ വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി വളർത്താനും, ബഹിരാകാശ ശാസ്ത്ര നേട്ടങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും വിഭാവനം ചെയ്ത ഈ എക്സിബിഷൻ വൻവിജയ മായിരുന്നു

## FIELD TRIP



കണ്ടും കേട്ടും അറിഞ്ഞും ചുറ്റുപാടുമുള്ള അറിവുകളെ ആത്മാവിലേക്ക് സ്വാംശീകരിക്കുന്നതിനായി കണ്ണോത്ത് സെന്റ് ആന്റണീസ് ഹൈസ്കൂൾ കേന്ദ്ര സുഗന്ധവിള ഗവേഷണ കേന്ദ്രത്തിലേക്ക് സംഘടിപ്പിച്ച ഫീൽഡ് ട്രിപ്പ് വേറിട്ട അനുഭവമായി

സീനിയർ സൈന്റിസ്റ്റ് ശ്രീ സജേഷ്, ശ്രീ അനീസ് എന്നിവർ കുട്ടികൾക്കായി വളരെ ഉപകാരപ്രദമായ ക്ലാസുകൾ നയിച്ചു. കാർഷിക മേഖലയുമായി ബന്ധപ്പെട്ട വിവിധ തൊഴിലുകളെ കുറിച്ചും ജോലി സാധ്യതകളെക്കുറിച്ചും പഠന വിഷയങ്ങളെക്കുറിച്ചും വളരെ വ്യക്തമായ അവബോധം കുട്ടികളിൽ ഉളവാക്കാൻ ഇത് സഹായിച്ചു

## SCHOOL PTA



സ്കൂളിൻ്റെ എല്ലാ പ്രവർത്തനങ്ങൾക്കും ചുക്കാൻ പറിക്കുന്ന ശക്തമായ ഒരു പിടി എ നമുക്കുണ്ട് പ്രസിഡൻറ് ശ്രീ അഭിലാഷ് ജേക്കബിന്റെയും MPTA ചെയർപേഴ്സൺ ശ്രീമതി റഷീദയുടെയും നേതൃത്വത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ സ്കൂളിന്റെ എല്ലാ കാര്യങ്ങളിലും സജീവമായ സഹകരിച്ചു വരുന്നു

കുട്ടികളുടെനന്മ മാത്രം ലക്ഷ്യം വെച്ചുള്ള കർമ്മ പരിപാടികൾ വൻവിജയമാക്കി തീർക്കാൻ സാധിച്ചതിന്റെ സന്തോഷത്തിലാണ് അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളുമെല്ലാം. നേട്ടങ്ങളുടേ യും അനുഗ്രഹങ്ങളുടേയും കുമ്പാരം തീർത്തു കൊണ്ടാണ് ഈ അധ്യായന വർഷം പരിസമാപ് തിയിൽ എത്തിനിൽക്കുന്നത്

# മറക്കില്ലൊരിക്കലും...

കുരുന്നുകൾ പാറി കളിക്കുന്നു
മുറ്റം കലപില കൊണ്ട് നിറയുന്നു
പൂമ്പാറ്റകൾ പാറി നടക്കുന്നു
പൂന്തോട്ടം മഴവില്ല് വിരിക്കുന്ന
രാത്രി യാമങ്ങൾ തഴുകുമ്പോൾ
നിദ്ര മനുജനെ തഴുകുന്നു
പുറമേ പേമാരി മുറുകുന്നു
ജനം നിദ്രയിൽ  പൂണ്ടു മുറുകുന്നു
ഞൊടിയിൽ ഘോര ശബ്ദം വരുന്നു
ജനം ഭീതിയിൽ ഞെട്ടിയുണർന്നു
നോക്കുവാൻ കഴിഞ്ഞില്ല കാണുവാൻ കഴിഞ്ഞില്ല
തൻ അമ്മയെ പൊൻ മക്കളെ....
പേമാരി കുതിച്ചു പെയ്തു പ്രകൃതി
സ്നേഹിച്ചവരെ കൊണ്ടുപോയ്
മുണ്ടക്കൈ.... മക്കളെ....ഒരു നിമിഷം
എന്നും മരിക്കാത്ത പൂമ്പാറ്റകളാണവർ

നൂർബിന അലി
9 A







# പ്രകൃതിയും വികസനവും

ദൈവം നമുക്ക് നൽകിയ ഒരു വിലപ്പെട്ട സമ്മാനമാണ് പ്രകൃതി. പ്രകൃതി നമ്മുടെ അമ്മയെപ്പോലെയാണ്. നമ്മൾ ശ്വസിക്കുന്ന വായു, കുടിക്കുന്ന വെള്ളം, കഴിക്കുന്ന ഭക്ഷണം എന്നിവയെല്ലാം പ്രകൃതിയിൽ നിന്നാണ് വരുന്നത്. നാം എല്ലാവരും പ്രകൃതിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. അതുകൊണ്ടുതന്നെ പ്രകൃതിയില്ലെങ്കിൽ ആർക്കും തന്നെ ഭൂമിയിൽ ജീവിക്കുക സാധ്യമല്ല. മറ്റൊരു ഗ്രഹത്തിനും പ്രകൃതിയെന്ന വിലപ്പെട്ട സമ്മാനം ലഭിച്ചിട്ടില്ല. അതുകൊണ്ടുതന്നെ നാമെല്ലാവരും വളരെ ഭാഗ്യമുള്ളവരാണെന്ന് നമുക്ക് പറയാം.

പക്ഷേ നാം ആ പ്രകൃതിയെ പലതരത്തിലും ദുരുപയോഗം ചെയ്ത് നശിപ്പിക്കുകയാണ്. മനുഷ്യർ പുഴകളിൽ നിന്നും മണൽ വാരുകയും, ജലാശയങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവ മലിനമാക്കുകയും ചെയ്യുന്നു. മലകളും കുന്നുകളും ഇടിച്ചു നിരപ്പാക്കി കെട്ടിടങ്ങൾ പണിയുകയും, മരങ്ങളെല്ലാം മുറിക്കുകയും ചെയ്ത്, പ്രകൃതിയുടെ ഭംഗിയെ മനുഷ്യർ ഇല്ലാതാക്കുന്നു. മനുഷ്യർ സ്വന്തം ആവശ്യം നിറവേറ്റുന്നതിനായി പ്രകൃതിയെ ചൂഷണം ചെയ്യുന്നു. ഇങ്ങനെയെല്ലാം മനുഷ്യർ പ്രകൃതിയോട് ചെയ്യുന്ന ക്രൂരതകൾക്ക് പ്രതികാരമായാണ് പ്രളയവും,മണ്ണിടിച്ചിലും എല്ലാം ഉണ്ടായത്.

കേരളം കണ്ടതിൽ വച്ച് ഏറ്റവും വലിയ പ്രളയം ആയിരുന്നു 2018 ഉണ്ടായത്. അതിശക്തമായ മഴയെ തുടർന്ന് കേരളത്തിലെ പല ജില്ലകളിലും വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടായി. ഇതിനോടനുബന്ധിച്ച് ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുകയും, കുറെ കുടുംബങ്ങൾ അങ്ങോട്ട് മാറുകയും ചെയ്യേണ്ടിവന്നു. കേരളത്തിലെ ജനങ്ങൾ ഒത്തൊരുമിച്ച് നിന്നുകൊണ്ട് നേരിട്ട പ്രളയമായിരുന്നു അത്.

2018 ന് ശേഷം കേരളത്തിൽ മഹാനാശം വിതച്ച ദുരന്തം ആയിരുന്നു 2024 – ൽ വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല പ്രദേശത്തുണ്ടായത്. ഒരു ഗ്രാമവും അവിടെയുണ്ടായിരുന്ന ജനങ്ങളും ഒരു

രാത്രി കൊണ്ട് ഇല്ലാതായ അതിഭീകരമായ ഉരുൾപൊട്ടൽ ആയിരുന്നു അത്. അന്നും ഇതുപോലെ തന്നെ കേരളത്തിലെ ജനങ്ങൾ ഒത്തൊരുമിച്ച് നിന്നാണ് ഈ ദുരന്തത്തെ നേരിട്ടത്. ഇനിയും ഇതുപോലുള്ള പ്രകൃതിദുരന്തങ്ങൾ വരാതിരിക്കാനായി നമുക്ക് പ്രകൃതിയെ സംരക്ഷിച്ചുകൊണ്ട് ജീവിക്കാം. നമുക്കായി സ്നേഹത്തോടെ എല്ലാം ഒരുക്കിവെച്ച് കാത്തിരിക്കുന്ന ഭൂമിക്ക് തിരികെ ദുരന്തങ്ങൾ നമുക്ക് സമ്മാനിക്കാതിരിക്കാം. പ്രകൃതിയിൽ ജീവിക്കാനുള്ള അവകാശം എല്ലാവർക്കും തുല്യമാണ്. അതുകൊണ്ടുതന്നെ പ്രകൃതിയിലെ ജീവജാലങ്ങളെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്.

ശിവപ്രിയ വി പി
8 B



## പുഴ

കാടും മലയും താണ്ടി
കൈവഴിയായ് ഒഴുകി.
കാനന മദ്ധ്യേ നീ
കാട്ടാറായി ഒഴുകി
എങ്ങോട്ടാണ് ഈ യാത്ര?
വേനലിൽ നീ കുളിരരുവി
വർഷത്തിൽ നീയോ–
കലി തുള്ളിത്തുള്ളി
എങ്ങോട്ടാണ് യാത്ര?
പലപല തോടുകൾ കൂടി
പലപല നാടുകൾ താണ്ടി
ഒടുവിൽ നിയ്യെത്തും
നീല സാഗരം തന്നിൽ.

ക്രിസ്റ്റി വിൽസൺ
9 B

# വെയിലിനു പിന്നിലെ ജാലകം

തനിക്ക് മുമ്പിലായി കമഴ്ത്തി വെക്കപ്പെട്ട ചില്ലു ഗ്ലാസിലേക്ക് അയാൾ ദൃഷ്ടികളൂന്നി ഇരുന്നു.വിശപ്പിന്റെ അഗ്നിസ്ഫോടനം കെങ്കേമമായി മുന്നേറിക്കൊണ്ടിരിക്കെ പെട്ടന്ന് വന്ന ഉൾവിളിയാലെ അയാൾ തൊട്ടരികിലെ ടേബിളിലേക്ക് ഒളികണ്ണിട്ടു. തന്റെ ദൃഷ്ടിയിൽ പതിഞ്ഞ വിഭവ സമൃദ്ധി കാണവേ അയാൾ സ്വന്തം കീശയിലൊന്നു തടവി.തികച്ചും ശൂന്യം! വീട്ടിലുള്ള കുഞ്ഞു പൈതങ്ങളെ ഓർക്കവേ തികട്ടി വന്ന വിങ്ങൽ അയാൾ വിഴുങ്ങി. വെയ്റ്ററുടെ ശ്രദ്ധ തന്നിലേക്ക് പതിയും മുന്നേ ബദ്ധപ്പെട്ട് അയാൾ പുറത്ത് കടന്നു. ഒരു തവണ കൂടി അയാൾ ചില്ലു കൂട്ടിൽ വെച്ച് ആവി പറക്കുന്ന പലഹാരങ്ങളിൽ കണ്ണോടിച്ചു.അപ്പോഴേക്കും കയ്യിൽ ചുരുട്ടിപ്പിടിച്ച പത്തു രൂപാ നോട്ടിൽ നിന്നും ഗാന്ധിജി അയാളെ നോക്കി ചിരിക്കുന്നുണ്ടായിരുന്നു!



# നീയാം മിന്നാമിനുങ്ങ്

മിന്നാമിനുങ്ങേ നിൻ നറുവെട്ടം,
പ്രതീക്ഷ തൻ കിരണം കണക്കെയിവിടെ ശോഭിക്കവേ,

മായികലോകത്തിൻ നീർച്ചുഴിയാം
ലഹരിതൻ സർപ്പം വിഴുങ്ങരുതേ...

ഒരിക്കലും നിനച്ചതല്ലെങ്കിലും മായയാം
ഏതോ തിന്മതൻ ശക്തി
മാന്ത്രിക ലോകത്തിൻ
ആഴിയിലേക്ക് വലിക്കവേ.....

അരുതെന്നോതുവിൻ, കുതറുവിൻ നീ
ലഹരിയാം മായിക ലോകത്തിൽ
ഒരിക്കലും അമർന്നിടാതെ
എൻ നിലാവെട്ടമേ...

എവ്‌ലിൻ മരിയ ജയേഷ്
8 C

## "കണ്ണില്ലാത്തപ്പോഴേ കണ്ണിന്റെ വിലയറിയൂ"......



ഒരു സുന്ദരമായ ഗ്രാമം, പച്ചപ്പിൽ സമൃദ്ധമാണ് ആ ഗ്രാമം, മനോഹരവും വിശാലതയും ശുദ്ധിയും നിറഞ്ഞ പുഴകൾ, സ്നേഹതണൽ നൽകുന്ന പച്ചമരങ്ങൾ. ഗ്രാമത്തിലെ ജനങ്ങൾ എല്ലാം പരസ്പരം ഒരുമിച്ച് ആഹ്ലാദിച്ചാണ് അവരുടെ ജീവിതം.

വയലിന്റെ ഒരു ഭാഗത്ത് കൊച്ചു വീട്. അമ്മ ഉറക്കത്തിൽ നിന്ന് എഴുന്നേറ്റു. ഇന്നലെ രാത്രിയിലെ മഴ അത് അവരെ ഭയപ്പെടുത്തി. സൂര്യന്റെ വരവോടുകൂടി ഇരുട്ട് നീങ്ങി. അമ്മയുടെ മനസ്സിൽ ആശ്വാസത്തിന്റെ പൂമൊട്ട് വിരിഞ്ഞു. അമ്മയും അവരുടെ മകനുമാണ് ആ വീട്ടിൽ താമസിക്കുന്നത്. അവന്റെ പേര് വിനീത് എന്നായിരുന്നു. അമ്മ അവനെ വിനു എന്നു വിളിച്ചു. വീട്ടിന്റെ മുമ്പിൽ കൂടി ഒരു സൈക്കിൾ കടന്നുപോയി, പാൽക്കാരൻ ഗോപാലൻ ചേട്ടനാണ്. അമ്മ അവനെ ഉറക്കത്തിൽ ഉണർവിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചു. അവൻ സ്വയം മനസ്സിൽ കരുതി; ഈ അമ്മയെ കൊണ്ട് എന്ത് ശല്യമാ! ഉറങ്ങാനും സമ്മതിക്കില്ല. അമ്മ തന്റെ ജോലികൾക്കിടെ പറഞ്ഞു : നിനക്ക് ഇന്ന് സ്കൂളിൽ പോണ്ടേ, പഠിച്ചു വലിയ ആളാവണ്ടേ...

വിനു: ആ! അതൊക്കെ വേണം.

വിനുവിന്റെ അമ്മ, അവർ ഒരു അന്ധയായിരുന്നു. രണ്ടു കണ്ണുകളും തീർത്തും നഷ്ടപ്പെട്ട ഒരു സ്ത്രീ. ആ സ്ത്രീ ഒരു അമ്മയാണ്, അവർ ജീവിച്ചത് അവരുടെ പൊന്നു മകനു വേണ്ടിയാണ്. ഇരുട്ടിന്റെ ലോകത്ത് ജീവിക്കുന്ന ഒരു വനിത. ഒരു ദിവസം വിനുവിന്റെ സ്കൂളിൽ രക്ഷിതാക്കളുടെ യോഗം ഉണ്ടായിരുന്നു. വിനു അമ്മയെ ഈ കാര്യം അറിയിച്ചിരുന്നില്ല. ടീച്ചർ അമ്മയെ പലചരക്ക് കടയിൽ നിന്നും കണ്ടു.

ടീച്ചർ: വല്ല അസുഖമായിരുന്നോ ചേച്ചിക്ക്? എന്തുകൊണ്ട് രക്ഷിതാക്കളുടെ യോഗത്തിൽ എത്തിച്ചേർന്നില്ല.

അമ്മ: വിനു എന്നോട് ഈ കാര്യം പറഞ്ഞില്ല. ടീച്ചർ... അവൻ എങ്ങനെയാ ക്ലാസിൽ ? ടീച്ചർ: അവൻ മിടുക്കനാ... പഠനത്തിൽ ഒന്നാമതാ...

അമ്മ: അതെയോ, വലിയ സന്തോഷം. ടീച്ചർ

ഒന്ന് പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു ഇരുട്ടാവാറായി വീട്ടിൽ പൊയ്ക്കോളൂ. "ആ ഇപ്പോൾ തന്നെ പോകാം". ഒരു വടിയും പിടിച്ച് അവർ വീട്ടിലേക്ക് മടങ്ങി. വിനു വീട്ടിലെത്തി ചേർന്നിരുന്നു. അമ്മ: നീ ചായ കുടിച്ചോ? ഇന്ന് സ്കൂളിൽ രക്ഷിതാക്കളുടെ യോഗം ഉണ്ടായിരുന്നല്ലേ... എന്തുകൊണ്ട് നീ എന്നെ അറിയിച്ചില്ല.

വിനു: അമ്മ ഒരു അന്ധയല്ലേ? എന്റെ കൂട്ടുകാർ കണ്ണ് പൊട്ടത്തിയുടെ മകനാണെന്ന് പരിഹസിക്കില്ലേ?... അത് എനിക്ക് താങ്ങാവുന്നതിലും അപ്പുറമാണ്.
വിനു, നീ എന്താണ് പറയുന്നത്? കരച്ചിൽ ചേർന്ന ശബ്ദത്തോടെ അവർ പറഞ്ഞു. അവർ അത്താഴത്തിന് വിനുവിനെ വിളിച്ചു അവൻ ആ വിളിക്ക് ഉത്തരം നൽകിയില്ല. വിനു ഉറങ്ങിയശേഷം അമ്മ തപ്പി തടഞ്ഞ് അവന്റെ കിടപ്പുമുറിയിൽ എത്തി. അവർ അവനെ തലോടി. സ്നേഹ ചുംബനം നൽകി. നീ പഠിക്കണം ഒരു ഡോക്ടർ ആവണം, ദൈവം അത് കാണാനുള്ള വിധി എനിക്ക് നൽകിയില്ല. സ്ഥാനം കൊണ്ട് മാത്രമല്ല അവന്റെ മനസ്സിലും വേണം ഒരു നല്ല ചിന്ത. അമ്മക്ക് നീ ഓമനയാണ് പൊന്നോമന നീ എന്നെ എത്ര തള്ളിപ്പറഞ്ഞാലും..
അവർ കരച്ചിലിൽ ലയിച്ചു മരണപ്പെട്ടു. ദൈവം വിനുവിനും സ്നേഹനിധിയായ അമ്മയ്ക്കും ഇടയിൽ വലിയ അകലം സൃഷ്ടിച്ചു. അമ്മ യാത്രയായ വിവരം അവൻ അറിഞ്ഞിരുന്നില്ല. രാവിലെ ഉണർന്നപ്പോൾ തന്റെ കിടപ്പുമുറയിൽ ജീവൻ നഷ്ടപ്പെട്ട അമ്മയെയാണ് കണ്ടത്. അവന്റെ കണ്ണുകൾ ഒരു ജലധാര പോലെ ഒഴുകി നിറഞ്ഞു. ഒറ്റപ്പെടലിന്റെ ഭിത്തികൾ അവന്റെ മുന്നിൽ ഒരു കവാടമായി തുറക്കപ്പെട്ടു. അവൻ സർവ്വശക്തി എടുത്തു ഒന്ന് ആർത്തു വിളിച്ചു. വീടിന്റെ അടുത്തുള്ള അയൽക്കാർ ഓടിയെത്തി.ആ സ്നേഹത്തിന്റെ ഉറവിടം വിനുവിന് നഷ്ടപ്പെട്ടു. വീട് അമ്മ വിളക്കില്ലാതെ ഉണരില്ല. തന്റെ അമ്മയെ തീർത്തും നഷ്ടപ്പെട്ട വിനുവിന് കുറ്റബോധത്തിന്റെ ഒരി താൾ കൂടി ബാക്കി. താൻ ഇന്നലെ അമ്മയെ വിഷമിപ്പിച്ചില്ലേ... അത് അവനുള്ളിൽ മായാത്ത ഒരു ദുർനിമിഷമായിരുന്നു. വിനുവിന്റെ ടീച്ചർ വൈകിയാണ് അമ്മയുടെ മരണം അറിയുന്നത്. അവർ വിനുവിന്റെ വീട്ടിലേക്ക് പുറപ്പെട്ടു. ടീച്ചർ വിനുവിനെ കണ്ടു. ടീച്ചർ സത്യങ്ങളുടെ ചുരുളയിച്ചു വിനു നടന്ന സംഭവങ്ങൾ ദുഃഖത്തോടെ അവതരിപ്പിച്ചു. താൻ ചെയ്ത തെറ്റിന് ശിക്ഷയില്ല എന്നവൻ തീർത്തു . ടീച്ചർ പറഞ്ഞു തുടങ്ങി: നീയിപ്പോൾ ഈ ലോകത്തെ കാണുന്ന വിസ്മയിക്കപ്പെടാവുന്ന നിൻ്റെ കണ്ണുകൾ നിൻ്റെതല്ല . നീ ജനിച്ചപ്പോൾ നിനക്ക് കണ്ണില്ലായിരുന്നു.

ഇതറിഞ്ഞപ്പോൾ തന്നെ നിന്റെ അച്ഛൻ സ്ഥലം വിട്ടു. അയാൾ നിന്നെയും അമ്മയെയും ഉപേക്ഷിച്ചു. അയാളുടെ കുടുംബത്തിന് മാനക്കേടാണ്. ഞാൻ

ഈ കുഞ്ഞിനെ കൊന്നു കളയും. നിന്റെ അമ്മ കോപത്തോടെ അരുത് എന്ന വാക്കുകൾ ആവർത്തിച്ചു . 'എന്റെ വീട്ടിലേക്ക് ഇവനെയും കൊണ്ടുവരരുത്. ഈ അസത്തിനെ അങ്ങ് ഉപേക്ഷിച്ചേക്ക്.' ബന്ധുക്കൾ നിന്റെ അമ്മയെ ഒറ്റപ്പെടുത്തി. ആർക്ക് വേണ്ടേലും എനിക്ക് വേണമെങ്കിൽ മോനെ . ഞാൻ ഈ ലോകത്തെ എന്റെ മോന് കാണിച്ചു കൊടുക്കാൻ പോകുന്നത് എൻറെ കണ്ണുകളിലൂടെയാണ്.

ഡോക്ടർ വിനുവിന് കണ്ണ് നൽകാൻ ഇരിക്കെ അമ്മയോട് പറഞ്ഞു : ഒരു കണ്ണ് കുഞ്ഞിനു കൊടുക്കാം ഒന്ന് നിങ്ങളും എടുത്തോളൂ. അമ്മ ഉച്ചത്തിൽ ഉത്തരം നൽകി. അതുവേണ്ട രണ്ട് കണ്ണുകളും അവൻ എടുത്തോട്ടെ. എനിക്ക് കണ്ണുണ്ടായാലും അവന് കണ്ണുണ്ടായാലും ഒന്ന് പോലെ. അവന് കണ്ണില്ലാതെ ഭാവിയിൽ പ്രയാസപ്പെടരുത്. അതായിരുന്നു നിന്റെ അമ്മ. വാത്സല്യത്തിന്റെയും സ്നേഹത്തിന്റെയും മുഖങ്ങളാൽ നിന്നെ വളർത്തി. മറ്റുള്ളവർ കൈ വെടിഞ്ഞപ്പോളും നിൻറെ നിഴലായി കൂടെ നിന്നു. ഇതൊക്കെ ടീച്ചർ പറഞ്ഞപ്പോഴേക്കും അവന്റെ കരച്ചിലും സങ്കടവും ഇരട്ടി ശക്തി പ്രാപിച്ചു.

അമ്മ ഒരു പാഠമല്ല. അനേകായിരം പാഠങ്ങൾ ഉൾക്കൊള്ളുന്ന ഒരു വിശുദ്ധ ഗ്രന്ഥമാണ് മനസ്സിൽ നന്മയുള്ള മക്കൾക്ക് മാത്രം വായിക്കാൻ കഴിയുന്ന വിശുദ്ധ ഗ്രന്ഥം.

നജ ഫത്തിമ
8B

# ജനൽപ്പാളി

മലർക്കേ തുറന്നിട്ട ജനൽപ്പാളികൾക്ക്
മുമ്പിൽ
തുടുത്ത കവിളിലൂടെ ,
ഒലിച്ചിറങ്ങുന്ന മിഴിനീരിനെയവൾ
തുടച്ചുകൊണ്ടിരുന്നു.
നിദ്രയില്ലാത്ത രാത്രികളിൽ
വിരഹത്തിന്റെ കാറ്റവളെ
തഴുകിത്തലോടി
ഓരോ ജീവിതവുമങ്ങനെയാണ്,
മലർക്കേ തുറന്നിട്ട ജാലകം പോലെ !
എന്നിട്ടും വായിക്കപ്പെടാതെ
പോകുന്ന ഒന്ന്
മനസ്സിലാക്കപ്പെടാത്ത
കണ്ണുകളിലെ തിളക്കം,
ചുണ്ടുകളിലെ വരൾച്ച,
മുഖത്തെ വിളർച്ച !
അങ്ങനെ ഒത്തിരിയൊത്തിരി...
മറ്റാർക്കുമറിയാത്ത ജീവിതാടയാളങ്ങൾ...
നിശാഗന്ധി പുഞ്ചിരിച്ചു
സുഗന്ധം പരത്തി !
ഏതോ വാനമ്പാടി തൻ ചിറകടി ശബ്ദം
പിന്നെയെല്ലാം ശാന്തം !
കവിളുകളിൽ ചാലു തീർത്ത മിഴിനീർ തുടച്ചു
അവളെഴുന്നേറ്റു
ആ ജാലകപ്പാളികൾ തുറന്നു തന്നെ
കിടന്നു!!

ഫെബിന ജെസിൻ (9A)

# മൊബൈൽ ഫോൺ: നേട്ടവും കോട്ടവും

ആധുനിക സാങ്കേതിക ഇനങ്ങളിൽ ഒന്നായ മൊബൈൽ ഫോൺ സന്ദേശ വിനിമയ രംഗത്തെ ഇളക്കിമറിച്ച ഒന്നാണ്. മൊബൈൽ ഫോണുകൾ പ്രചാരത്തിലായതോടെ ലോകം കൈപ്പടിയിൽ ഒതുങ്ങുന്ന അവസ്ഥയായി.

ഗ്രഹാം ബെലിന്റെ ടെലിഫോണിൽ നിന്ന് മൊബൈൽ ഫോണിലേക്ക് എത്തിയപ്പോൾ എവിടെ നിന്നും ആശയവിനിമയം നടത്താം എന്ന അവസ്ഥ സംജാതമായി. ഇന്ന് ഇന്ത്യയിൽ ഏറ്റവുമധികം മൊബൈൽ ഉപഭോക്താക്കളുള്ള സംസ്ഥാനമാണ് കേരളം. ലോകത്തിന്റെ ഏതുകോണിലുള്ള വ്യക്തികളോടും ആശയവിനിമയം നടത്തുവാനും ഇന്നത്തെക്കാലത്ത് സാധിക്കുന്നു. അതുപോലെ തന്നെ പാട്ടുകൾ കേൾക്കാനും,വീഡിയോകൾ കാണാനും,നമ്മുടെ മധുരമായ നിമിഷങ്ങൾ മറ്റുള്ളവരുമായി പങ്കുവെക്കാൻ അത് ചിത്രങ്ങളായും , വീഡിയോകളായും എടുക്കാവുന്നതാണ്.

വാർത്താവിതരണത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനും ഇത്തരം ഫോണുകൾ കാരണമായിട്ടുണ്ട്. അതിലുപരി കുറ്റകൃത്യങ്ങളിൽ അകപ്പെട്ടവരെ കണ്ടുപിടിക്കുന്നതിനും അഴിമതിക്കാരെ പിടികൂടാനും ഇന്ന് മൊബൈൽ ഫോണുകൾ സഹായകമാകുന്നു. കൂടാതെ വിദ്യാർത്ഥികൾക്ക് പഠനത്തിനആവശ്യമായ സൗകര്യം മൊബൈൽ വഴി ഉണ്ടാകുന്നു.



ആധുനിക മനുഷ്യ ജീവിതത്തിൽ അങ്ങേയറ്റം സ്വാധീനം ചെലുത്തുന്ന ഒന്നാണ് ഇതെങ്കിലും അത് നമ്മുടെ സ്വകാര്യത നശിപ്പിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. അതുമാത്രമല്ല നിരവധി രോഗങ്ങൾക്ക് ഇത് കാരണമാകുന്നു. തലച്ചോറിലെ കോശങ്ങൾ നശിപ്പിക്കുന്നു.അതുപോലെ കണ്ണിനു ക്യാൻസർ തുടങ്ങിയ രോഗങ്ങൾക്ക് മൊബൈൽ ഫോൺ കാരണമാകുന്നു.

മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാക്കാനും വാർത്താവിനിമയം വേഗതയേറിയതും ലളിതവുമാക്കാനും ലോക പുരോഗതിയെ തന്നെ ത്വരിതപ്പെടുത്താനും മൊബൈൽ ഫോണുകൾ സഹായിക്കുന്നു.

ഫാത്തിമ സൻഹ
8A

# നിഴൽ



ഞാനാടിയ വേഷങ്ങളിലൊക്കെ
നീയെന്തിനു നിഴലായി
ഞാൻ കരഞ്ഞിടങ്ങളിലൊക്കെ
നീയെന്തിനു സാന്ത്വനമായി
ഞാൻ വാടിയ വഴികളിലൊക്കെ
നീയെന്തിനു തണലായി
ഞാനിടറിയ വീഥികളിലൊക്കെ
നീയെന്തിനു താങ്ങായി
ഞാനെഴുതിയ വരികളിലൊക്കെ
നിയെന്തിനു സംഗതിയായി
ഞാൻ പറഞ്ഞ കഥകൾക്കൊക്കെ
നിയെന്തിനു മിഴിവേകി
ഞാനുറങ്ങിയ സന്ധ്യകളിലൊക്കെ
നീയെന്തിനു കൂട്ടായി
ഞാൻ പറഞ്ഞ ചിന്തകൾക്കൊക്കെ
നിയെന്തിനു കരുത്തേകി
ഏകയായെൻ വഴികളിലൊക്കെ
നിയെന്തിനു കൂട്ടായി വന്നു
അപരിചിതമായെൻ വഴികളിലൊക്കെ
നിയെന്തിനു പരിചിതയായി

# ജീവിതവിജയം



സത്യമംഗലം ദേശത്തെ അനർമൽ എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന് സുന്ദരിയായ ഒരു മകൾ ഉണ്ടായിരുന്നു തൻറെ മകളെ സമർത്ഥനായ ഒരു ചെറുപ്പക്കാരന് വിവാഹം കഴിപ്പിച്ച് നൽകണം എന്നായിരുന്നു രാജാവിൻറെ ആഗ്രഹം ഇതിനായി രാജാവ് ഒരുനാൾ തൻറെ മന്ത്രിയെയും കൂട്ടി രാജ്യത്തിലൂടെ പ്രജകളെ സന്ദർശിക്കുവാൻ ഇറങ്ങി സന്ദർശന വേളകളിൽ പലരെയും പരീക്ഷിക്കുവാനും അടുത്തറിയാനും രാജാവ് ശ്രമിക്കുന്നുണ്ടായിരുന്നു പക്ഷേ രാജാവിൻറെ മനസ്സിലുള്ള രീതിയിലുള്ള ഒരാളെ കണ്ടെത്താൻ രാജാവിനായില്ല.

നിരാശനായ രാജാവ് വീണ്ടും മന്ത്രിയോടൊപ്പം വളരെ ദൂരെയുള്ള ഒരു ഗ്രാമത്തിലെത്തി അവിടെ കൂടുതലും കർഷകരായിരുന്നു ഉണ്ടായിരുന്നത് അങ്ങനെ പല കർഷകരെയും സന്ദർശിച്ചു അതിനിടയിൽ രാജാവ് ഒരു കൂട്ടം യുവാക്കളെ ശ്രദ്ധിക്കാൻ ഇടയായി അവരിൽ തന്റെ മകൾക്ക് പറ്റിയ വരനുണ്ടോ എന്ന് അറിയാൻ രാജാവ് തീരുമാനിച്ചു. അവരുടെ അടുത്തെത്തിയ രാജാവ് ചോദിച്ചു എൻറെ



സുഹൃത്തായ അയൽ രാജ്യത്തെ രാജാവിൻറെ അടുത്ത് പോയി ഞാൻ കൊടുത്തയക്കുന്ന സമ്മാനം നൽകുവാൻ താല്പര്യമുള്ള ആരെങ്കിലും ഈ കൂട്ടത്തിൽ ഉണ്ടോ? കഠിനമായ യാത്രയായിരിക്കും അതെന്ന് രാജാവ് സൂചിപ്പിച്ചു രാജാവിൻറെ നിർദ്ദേശങ്ങളും കൽപ്പനകളും പാലിക്കാൻ പ്രജകൾ ബാധ്യസ്ഥരാണ്. എന്നാൽ യാത്രയുടെ കാഠിന്യമോർത്ത് ആ യുവാക്കൾ ഒന്നും തന്നെ ആ നിർദ്ദേശം ഏറ്റെടുക്കാൻ തയ്യാറായില്ല . എല്ലാവരും അവരുടെ ഓരോ പ്രയാസങ്ങളും പറഞ്ഞ് ഒഴിവാക്കുമ്പോൾ അതുവരെ ഒന്നും സംസാരിക്കാതെ മാറി നിന്നിരുന്ന കാലുകൾക്ക് ബലശേഷി കുറഞ്ഞ യുവാവ് മുമ്പോട്ട് വരികയും രാജാവിൻറെ നിർദ്ദേശം പാലിക്കാൻ തയ്യാറാണ് എന്നറിയിക്കുകയും ചെയ്തു. ഈ വയ്യാതെ കാലുകൾ വയ്യാതെ നീ എങ്ങനെയാണ് ഈ കഠിനമായ യാത്ര പൂർത്തിയാക്കുന്ന എന്ന് ചോദിച്ച് യുവാക്കൾ അദ്ദേഹത്തെ കളിയാക്കാൻ തുടങ്ങി. എന്നാൽ ദൃഢനിശ്ചയത്തോടെ ആ വെല്ലുവിളികൾ അയാൾ കേട്ടു. രാജാവിനെ ഒരുപാട് സന്തോഷമായി. രാജാവ് യുവാവിനെയും കൂട്ടി തന്റെ കൊട്ടാരത്തിലേക്ക് പോവുകയും തൻറെ മകളെ അയാൾക്ക് വിവാഹം കഴിച്ചു നൽകാൻ തീരുമാനിക്കുകയും ഉണ്ടായി.

ഇതറിഞ്ഞ മന്ത്രി രാജാവിനോട് ചോദിച്ചു കാലുകൾക്ക് ശേഷി



ആകാത്ത ഒരാളെയാണ് രാജാവിൻറെ മകളെ വിവാഹം കഴിക്കേണ്ടത് ? എത്ര സുന്ദരനും സുമുഖനുമായ ചെറുപ്പക്കാർ നമ്മുടെ രാജ്യത്തും അയൽ രാജ്യത്തും ഉണ്ട് എന്നാൽ രാജാവിൻറെ ഉറച്ച തീരുമാനമായിരുന്നു – കിട്ടുന്ന അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നവർ മാത്രമേ ജീവിതത്തിൽ വിജയിക്കുകയുള്ളൂ എന്നും മറ്റുള്ളവർ എന്തിനുമേതിനും കുറ്റങ്ങൾ കണ്ടുപിടിച്ച ഒഴിവാക്കുകയും മാത്രമേ ചെയ്യുള്ളൂ എന്നും അവർ ജീവിതവിജയം കിട്ടുകയില്ല എന്നും രാജാവ് പറഞ്ഞപ്പോൾ മന്ത്രിയുടെ കണ്ണുകൾ വിടരുകയും തൻറെ രാജാവിനെ ഓർത്ത് അഭിമാനം കൊള്ളുകയും ചെയ്തു.

ആരോൺ തോമസ്
8C

# രാഷ്ട്രീയം

വാക്കൊന്ന്,
 പ്രവൃത്തി മറ്റൊന്ന്
പോളിസി വെട്ടും കൊലയും
സ്വഭാവികം...

തട്ടിപ്പും വെട്ടിപ്പും
മുഖ്യം...

പേര് രാഷ്ട്രീയം...

ജെയ്സ അമാന
9:B

# 2024-25
# ലിറ്റിൽ കൈറ്റ് പ്രവർത്തനങ്ങൾ







ലൈബ്രറി പുസ്തകങ്ങളുടെ അടിസ്ഥാന വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നു


























അന്ന് ഒരുപക്ഷേ അത് സംഭവിക്കില്ലായിരുന്നു...
പ്രായത്തിന്റെ പക്വതക്കുറവ് അല്ലെങ്കിൽ ആ പ്രായത്തിൽ ഉണ്ടാകുന്ന എടുത്തുചാട്ടം ...

**രോഹിത് എന്നും അജയ് എന്നും പേരുള്ള രണ്ട് സുഹൃത്തുക്കൾ ഉണ്ടായിരുന്നു. ആ നാട്ടിലെ രണ്ട് കൃഷിക്കാരുടെ മക്കൾ ആയിരുന്നു അവർ. പക്ഷെ രോഹിത്തിന് ഒരു ദുഃസ്വഭാവമുണ്ട്. എന്തെന്നാൽ അവൻ അറിഞ്ഞോ അറിയാതെയോ എത്തിപ്പെട്ടതാണ് . അവൻ പിന്മാറാൻ ശ്രമിച്ചെങ്കിലും അവനെ അതിലേക്ക് വീണ്ടും വീണ്ടും കൊണ്ടുവന്നു. ചീത്ത കൂട്ടുകെട്ടിൽ നിന്ന് കിട്ടിയ ഒരു ശീലം എന്ന് പറയാം. അതിനാൽ അവൻ ലഹരിയിൽ അടിമപ്പെട്ട ഒരാളായി മാറി.**

**ഒരു ദിവസം രണ്ടുപേരും ഒരു വിനോദ യാത്ര പോയി . അവർ അവരുടെ യാത്ര നല്ലതു പോലെ ആസ്വദിച്ചു.അങ്ങനെയിരിക്കെ ഒരു ദിവസം രോഹിത് അജെയോട് ചോദിച്ചു: അജയ് നിനക്കിത് വേണോ എന്ന്. അപ്പോൾ അജയ് പറഞ്ഞു ഞാനില്ല എന്ന് എങ്കിലും അവന്റെ മനസ്സിൽ ഒരു ചാഞ്ചാട്ടം ഉണ്ടായിരുന്നു. ഇത്രയും കാര്യമായി രോഹിത് ലഹരി ഉപയോഗിക്കണമെങ്കിൽ അതിൽ വല്ലതും ഉണ്ടാകുമെന്ന് അവന്ന് തോന്നി. അവൻ അത് വാങ്ങി. അജയ് അതുപയോഗിച്ചപ്പോൾ ഒരു താൽകാലിക സുഖം അതിൽ കണ്ടെത്തി. പിന്നീട് അവനും ലഹരി ഉപയോഗിക്കാൻ തുടങ്ങി.**

**കുറച്ച് ദിവസങ്ങൾക്ക് ശേഷം അവർ വീട്ടിലേക്ക് തിരിച്ചു പോയി. അജയ് യെ കണ്ട അവന്റെ അച്ഛന് അവനിൽ ഒരു മാറ്റം തോന്നി. എങ്കിലും തന്റെ മകന് ഒന്നും സംഭവിച്ചിട്ടുണ്ടാകില്ലെന്ന് തോന്നുകയും ചെയ്തു.**

**ഒരു ദിവസം അജയ് വീട്ടിലിരിക്കുമ്പോൾ അവന് എന്തൊക്കെയോ അസ്വസ്ഥത തോന്നുകയും തലകറങ്ങി വീഴുകയും ചെയ്ത്. തുടർന്ന് അവന്റെ മാതാപിതാക്കൾ അവനെ ആശുപത്രിയിൽ കൊണ്ട് പോവുകയും രോഹിത്തിനോട് വിളിച്ച് പറയുകയും ചെയ്തു.അപ്പോൾ ലഹരി ഉപയോഗിച്ചുകൊണ്ടിരുന്ന രോഹിത്തിനാകട്ടെ അജെയ് യുടെ അടുത്തേക്ക് പോവാൻ സാധിച്ചില്ല. കുറച്ച് സമയങ്ങൾക്ക് ശേഷം ബോധം വന്ന അവൻ പെട്ടന്ന് തന്നെ അജയ്യുടെ അടുത്തേക്ക് പോയി. അവിടെ എത്തിയപ്പോൾ അവൻ അറിയുന്നത് അജയ്യുടെ മരണ**

വാർത്തയായിരുന്നു. അവന് എന്താണെന്ന് സംഭവിച്ചതെന്ന് ചോദിച്ച രോഹിത്തിനോട് അച്ഛൻ പറഞ്ഞു ലഹരിക്കടിമപ്പെട്ടതുകൊണ്ടാണെന്ന്. ഇതുകേട്ട രോഹിത്തിന് സങ്കടം തോന്നി. താനാണല്ലോ അവനെ ഇതിലേക്ക് കൊണ്ടുവന്നത് എന്ന കുറ്റബോധത്തിന്റെ പേരിൽ അവൻ ഒരു കാര്യം തീരുമാനിച്ചു. ഇനി ആരും തന്നെ സ്വന്തമോ മറ്റൊരാൾ കാരണമോ ലഹരിക്കടിമപ്പെടരുതെന്നും താൻ അതിന് വേണ്ടി എന്തെങ്കിലും ചെയ്യണമെന്നും അവൻ ചിന്തിച്ചു. അതിനെ തുടർന്ന് അവൻ ഒരു സംഘടന രൂപീകരിക്കുകയും ചെയ്തു.

ഷഹമ സിൽവാന
8A

# ലഹരിക്കിടയിലെ ജീവിതം



നാടിനു സങ്കടം
വിടിനു സങ്കടം.
സംഗതി എന്തെന്നറിയുമോ കൂട്ടരെ-
നുണയുക നുണയുന്ന നുറയുന്ന
പുകയുന്ന പലതരം
ലഹരികളുണ്ടിന്ന് ഭൂമിയിലത്രെ
കുടുംബം തകർത്തിട്ടും
ബുദ്ദിയെ കൊന്നും
ആരോഗ്യമാകെ തകർത്തെറിയും
വേണ്ടാ വിപത്തിനെ
വേണ്ടാ നമ്മുക്ക്
വേദന നൽകുന്ന
ലഹരി വേണ്ടാ

ഹനീന ഫാത്തിമ
9E

# A Little Time of Regret



It was quiet, too quiet. Ava stood in front of the empty crib. A few toys lay scattered on the floor. The soft blue walls of the room seemed cold and lifeless. She tried to breathe, but the weight on her chest grew heavier. The emptiness suffocated her. Her baby, her tiny little boy, was gone.

He had once filled the apartment with laughter. Ava was a young mother, scared and alone, with no one to turn to. It had been just her and her baby from the beginning. She had imagined holding him in her arms, watching him grow while he was in her womb. She had dreamed of his first steps, his first words, but those dreams had faded as the days went on, replaced by something dark that she couldn't control.

The days blurred together. Ava didn't remember when she last felt joy. There was just sadness, exhaustion, and feeling like she couldn't breathe. The doctor told her she was struggling with postpartum depression, but the words didn't make her feel any better. The guilt stayed with her. She didn't know how to fix it.

She tried. She tried so hard, but as the days went by, it felt like there was a heavy weight on her chest that she couldn't lift. Her baby's cries once had been her only focus, but now they only made her feel trapped and alone.

Then there was the night. The night she couldn't hear him anymore. The memory felt distant now, like it wasn't even hers. She couldn't remember exactly what happened, just that it had been too much. She had tried to calm him, tried to feed

him, but her hands had been trembling. She hadn't known what to do, hadn't known how to stop the feeling of suffocating under the weight of her motherhood.

And then, she did something terrible. She never meant to hurt him. She hadn't. But the darkness inside her took over, and for a moment, she was out of her mind. She gently shook his tiny baby body several times to get a hint of life. And the next thing she knew, everything had gone still.

The silence in the room now was crushing. Ava's heart broke with each passing second, the realization of what she had done scattering her. How could she? How could she do that to her sweet, innocent boy?

She knelt beside the crib. Tears streamed through her cheeks and onto the crib, making it wet. The wooden pieces stained with her sorrow. She whispered with trembling hands, "I'm sorry." Her voice was raw with guilt. "I'm so sorry, my love."

She had no one, no one to hold her close, no one to calm her down. She had only the ache of loss, the crushing weight of knowing she had taken something so precious away. She sat there, crying her heart out in the empty room. The guilt would haunt her forever, and nothing could fix that.

The End




ARDRA R NAIR
8 C

# സെക്യുലർ സ്റ്റേറ്റ്!

ഹിസ്റ്ററി ക്ലാസ്സിൽ സർ
പറഞ്ഞു:
"നമ്മുടെ ഇന്ത്യ സെക്യുലർ സ്റ്റേറ്റ്",
സെക്യുലർ ഇന്ത്യയെ പഠിക്കാതെ
വന്നപ്പൊ -
കിട്ടി രണ്ടടി കൈവെള്ളയിൽ, അന്നേദിവസം
വന്നനൗൺസ്മെന്റതോ-
പൊരിവെയിലത്ത് ഗ്രൗണ്ടിൽ
അസംബ്ലി നിൽക്കാൻ,
പ്ലഡ്ജിൽ കൈനീട്ടി ഞാനേറ്റു ചൊല്ലി
"ഇന്ത്യക്കാരെന്നും സഹോദരങ്ങൾ".
വൈകിട്ട് പത്രമെടുത്തു ഞാൻ കണ്ടതാ-
കറുത്തിരുണ്ടൊരാ കുത്തു വാർത്ത!
ഇന്ത്യൻ സഹോദരൻ കുത്തിക്കൊന്നു: ജാതി
മറ്റൊന്നിലെ സോദരനെ. സെക്യുലർ സ്റ്റേറ്റിലെ
ചെയ്തികൾ
കണ്ടിട്ട് ഇന്നും ഞാനോതുന്നു
നിത്യമായി കള്ളവുമില്ല കൊലയുമില്ല
ഇന്ത്യയെന്നത് സെക്യുലർ
സ്റ്റേറ്റ്!


ഫർഹ എം നിസാർ
9B


# ലഹരി ആപത്ത്




ZAHRA FATHIMAKP
8A

RITUNAND A L
8B




MUHAMMED SINAN V A
8C

# *കാണാതെപോയരാജകുമാരൻ*

ഒരിക്കൽ ഒരു വനത്തിന്റെ
നടുവിലുള്ള ഒരു ചെറിയ കുടിലിൽ
ഒരു മരപ്പണിക്കാരനും അയാളുടെ
ഭാര്യയും താമസിച്ചിരുന്നു..
അവർക്ക് ഒരു മകനുണ്ടായിരുന്നു
അവന്റെ പേര് സാം
എന്നായിരുന്നു. അവൻ വളരെ
നല്ല കുട്ടിയായിരുന്നു. എന്നാൽ
ആർക്കും അറിയാത്ത രഹസ്യം
അവന്റെ പിന്നിൽ ഉണ്ടായിരുന്നു.
യഥാർത്ഥത്തിൽ സാം ആ
രാജ്യത്തെ രാജാവിന്റെ
മകനായിരുന്നു. ചെറുപ്പത്തിൽ
തന്നെ സാമിനെ ഈ
മരപ്പണിക്കാരനും
അയാളുടെ ഭാര്യയും
കൊട്ടാരത്തിൽ
ജോലി ചെയ്യുന്നതായി
ഭാവിച്ച് ഒരു
അവസരത്തിൽ
തട്ടിക്കൊണ്ടുവന്നതാ
ണ്.
വർഷങ്ങൾക്കുശേഷം
സാം കൊട്ടാരത്തിൽ
മരപ്പണി
ചെയ്യുന്നതിന് വേണ്ടി
പോകാൻ
ഇടയായി. അവിടെവച്ച് അവൻ
പീറ്റർ എന്ന തോട്ടക്കാരനെ
കാണുന്നു. സാമിന്റെ കയ്യിലുള്ള
ഒരു പ്രത്യേകതരമായ അടയാളം
കണ്ടിട്ട് അവൻ വർഷങ്ങൾക്കു
മുന്നേ കാണാതെപോയ
രാജകുമാരൻ ആണെന്ന്
തിരിച്ചറിയുന്നു. ഈ സത്യം



അറിഞ്ഞ് അവന്റെ യഥാർത്ഥ
മാതാപിതാക്കളെ ചെന്ന്
കാണുന്നു വർഷങ്ങൾക്ക് ശേഷം
നഷ്ടപ്പെട്ടുപോയ മകനെ കണ്ട
അവർ സന്തോഷത്തോടെ
അവനെ വാരിപ്പുണർന്നു.
പിന്നീട് അവൻ അവനെ
തട്ടിക്കൊണ്ടുപോയ
മരപ്പണിക്കാരനെയും ഭാര്യയും
ചെന്ന് കണ്ടു. അവൻ
മനസ്സിലാക്കിയ
സത്യങ്ങൾ അവരെ
അറിയിച്ചു ഇതറിഞ്ഞ
അവർ വളരെ ഭയപ്പെട്ടു.
എന്നാൽ
സാമിനെ
അനുഗമിച്ച
കൊട്ടാരഭ ടന്മാർ
അവരെ
രാജാവിന്റെ
അടുക്കൽ
എത്തിക്കുകയും
അവർക്ക്
തക്കതായ ശിക്ഷ
കൊടുത്ത്
തുറങ്കിലടക്കുകയും
ചെയ്തു... പിന്നീടുള്ള കാലം സാം
തന്റെ യഥാർത്ഥ
മാതാപിതാക്കളോടൊപ്പം
സുഖമായി ജീവിച്ചു..

ഹെൽന റോബി (8B)

# ANNUAL DAY CELEBRATION 2024-25










2K25
TaLeNtO
Celebrating Talents...
















നമുക്ക് ചുറ്റുമുള്ള ജീവനും
ജീവിതവും പ്രകൃതിയും
കാഴ്ചകളും കൂടി ചേരുമ്പോൾ
മാത്രമേ വിദ്യാഭ്യാസം
പൂർണമാവുകയുള്ളൂ.
മനുഷ്യബോധത്തിന്റേയും
യുക്തിചിന്തയുടേയും
കർത്തവ്യബോധത്തിന്റേയും
തലങ്ങൾ കുട്ടികളിൽ വേണ്ട
വിധം എത്തിക്കാനായി ഏവരും
ശ്രദ്ധിച്ചു കൊ
ണ്ടിരിക്കുന്നു.വിദ്യാലയത്തിന്റെ
പുരോഗതിയ്ക്കായി
പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന
ഏവരേയും നന്ദിയോടെ
സ്മരിക്കുന്നു


Thank you
TEAM ST.ANTONY'S



# മിഴി